©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br><br>Thiruvananthapuram,<br>Tuesday | 2022 ജൂലൈ 26<br>26th July 2022<br>1197 കർക്കടകം 10<br>10th Karkadakam 1197<br>1944 ശ്രാവണം 4<br>4th Sravana 1944 | നമ്പർ<br>No. | 2469 |

GOVERNMENT OF KERALA

**Labour and Skills (E) Department**

NOTIFICATION

No.LBRD-E1/46/2022-LBRD. *Dated, Thiruvananthapuram, 25th July, 2022*
*9th Karkadakam, 1197*

The following proposal regarding the revision of minimum rates of wages which the Government of Kerala proposes to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948) read with clause (b) of sub-section (1) of section 5 thereof and in supersession of the notification issued under G.O.(P) No.77/2017/LBR. dated 1st August, 2017 and published as S.R.O. No.495/2017 in the Kerala Gazette Extraordinary No.1658 dated 4th August, 2017 payable to the classes of employees employed in

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/



Generated from eOffice by ABY A T, K(1) LCO, K(1) LCO, OFFICE OF LABOUR COMMISSIONER on 19/08/2022 03:37 PM

the Oil Palm Plantations Industry sector in the State of Kerala, as specified in the schedule annexed hereto, are hereby published for the information of all persons likely to be affected thereby as required by clause (b) of sub-section (1) of section 5 of the said Act.

Notice is hereby given that the said proposal will be taken up for consideration on or after two months from the date of publication of this notification in the official Gazette and that the objections and suggestions, if any, that may be received from any person with respect to the said proposal on or before the time limit specified above, will be considered by the Government. All such objections and suggestions shall be addressed to the Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

## SCHEDULE

**I. Daily Wages**

| *Sl.No.* | *Work* | *Basic Wages (₹)* |
|---|---|---|
| *(1)* | *(2)* | *(3)* |
| 1. | Skilled Section: | |
| | (a) Harvesting, Pruning carrying Works | 890 |
| | (b) Pollination | 890 |
| 2. | Factory Section:<br>Factory Works | 890 |
| 3. | General Section: | |
| | (1) Semiskilled:<br>Loading and Unloading Works | 840 |
| | (2) Unskilled:<br>Deforesting<br>Fertilizer loading<br>Applying manure<br>Other allied works | 790 |

**II. Dearness Allowance**

The Consumer Price Index of the latest series 2011-12=100 published by Economics and Statistics Department of the Government of Kerala shall be considered for calculating Dearness Allowances. Dearness Allowance shall be regulated for the period consisting of tri-months from



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Generated from eOffice by ABY A T, K(1) LCO, K(1) LCO, OFFICE OF LABOUR COMMISSIONER on 19/08/2022 03:37 PM

January to March, April to June, July to September and October to December. Dearness Allowance shall be paid at the rate of ₹ 2.30 (Rupees Two and Thirty Paise only) per point per day for increase over 165 points in the average index of each tri-months on the basis of the Consumer Price Index published for the concerned District Headquarters.

**III. Work Load**

Existing Work Load will be continued till a decision taken on the report of the Work Load Study Committee.

(a) *Harvesting*.- Quantity of palm fruit bunch to be harvested by a harvesting team consisting of one cutter and one carrier for one wage shall be 1000 kilograms in season and 500 kilograms in non-seasons.

(b) *Pruning*.- The number of palms to be pruned for one wage shall be the following:

| | | |
|---|---|---|
| 5 to 9 years old palms | .. | 55 Numbers |
| 10 to 15 years old palms | .. | 50 Numbers |
| 16 to 20 years old palms | .. | 35 Numbers |
| 21 to 25 years old palms | .. | 30 Numbers |
| 26 to 30 years old palms | .. | 15 Numbers |
| Above 30 years old palms | .. | 10 Numbers |

**IV. General Conditions**

1. In case the employees of any establishment/Industry are at present getting higher wages than the minimum wages fixed as per this notification, they shall be entitled to get such higher rates.

2. In case any post or category of an establishment is not included in the schedule above, such employees shall be eligible for the basic prescribed for equivalent post/category.

3. If the monthly wages in respect of the category of employees for whom daily wage is fixed in the schedule, has to be calculated, then the amount shall be the daily wages of the respective section multiplied by 26.

By order of the Governor,

**Mini Antony**

*Secretary to Government.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/



Generated from eOffice by ABY A T, K(1) LCO, K(1) LCO, OFFICE OF LABOUR COMMISSIONER on 19/08/2022 03:37 PM

കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്**

വിജ്ഞാപനം

നമ്പർ ഇ 1/46/2022/തൊഴിൽ

തിരുവനന്തപുരം, തീയതി, 2022 ജൂലൈ 25
1197, കർക്കടകം 9.

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, (ബി) ഖണ്ഡവും കൂട്ടിവായിച്ച പ്രകാരം നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2017 ആഗസ്റ്റ് 1-ാം തീയതിയിലെ സ.ഉ.(അച്ചടി) 77/2017/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2017 ആഗസ്റ്റ് 4-ാം തീയതിയിലെ 1658-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.495/2017 നമ്പരായി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, കേരള സർക്കാർ, സംസ്ഥാനത്തെ ഓയിൽ പാം (എണ്ണപ്പന) തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ പറഞ്ഞിട്ടുള്ള പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

പ്രസ്തുത നിർദ്ദേശങ്ങൾ, ഈ വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ട് മാസം തികയുന്ന തീയതിക്കോ അതിനു ശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ കാലാവധിക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്നും ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ, എന്തെങ്കിലുമുണ്ടെങ്കിൽ, അവ സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. അങ്ങനെയുള്ള എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.


This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/
Generated from eOffice by ABY A T, K(1) LCO, K(1) LCO, OFFICE OF LABOUR COMMISSIONER on 19/08/2022 03:37 PM

## പട്ടിക

**I. ദിവസശമ്പളം**

| *ക്രമ നമ്പർ* | *ജോലി* | *അടിസ്ഥാന ശമ്പളം (രൂപ)* |
|---|---|---|
| *(1)* | *(2)* | *(3)* |
| **1.** | **സ്കിൽഡ് വിഭാഗം** | |
| | (എ) ഹാർവെസ്റ്റിംഗ്, പ്രൂണിംഗ് നടത്തുന്ന ജോലികൾ | 890 |
| | (ബി) പോളിനേഷൻ ജോലി | 890 |
| **2.** | **ഫാക്ടറി വിഭാഗം** | |
| | ഫാക്ടറി ജോലികൾ | 890 |
| **3.** | **ജനറൽ വിഭാഗം** | |
| | (1) <u>സെമി സ്കിൽഡ്</u> | |
| | കയറ്റിറക്ക് ജോലി | 840 |
| | (2) <u>അൺ സ്കിൽഡ്</u> | |
| | കാടുവെട്ട് | 790 |
| | വളം ചുമട് | 790 |
| | വളമിടൽ | 790 |
| | മറ്റ് അനുബന്ധ ജോലികൾ | 790 |

**II. ക്ഷാമബത്ത**

കേരള സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിക്കുന്ന 2011-2012=100 എന്ന ഉപഭോക്തൃ വില സൂചികയാണ് ക്ഷാമബത്ത കണക്കാക്കുന്നതിന് എടുക്കേണ്ടത്. ജനുവരി മുതൽ മാർച്ച് വരെയും, ഏപ്രിൽ മുതൽ ജൂൺ വരെയും, ജൂലൈ മുതൽ സെപ്റ്റംബർ വരെയും, ഒക്ടോബർ മുതൽ ഡിസംബർ വരെയുമുള്ള ത്രൈമാസങ്ങളിലാണ് ക്ഷാമബത്ത ക്രമീകരിക്കേണ്ടത്. അതാത് ജില്ലാ കേന്ദ്രങ്ങൾക്കായി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ ഓരോ ത്രൈമാസത്തിലെയും ശരാശരി സൂചികയിൽ 165 പോയിന്റിന് മുകളിൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസേന 2.30 രൂപ നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

**III. വർക്ക് ലോഡ്**

വർക്ക് ലോഡ് സംബന്ധിച്ച് പഠിക്കുവാൻ നിശ്ചയിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ച് ആയതിൽ തീരുമാനമെടുക്കുന്നതുവരെ താഴെപ്പറയും രീതിയിലുള്ള നിലവിലുള്ള വർക്ക് ലോഡ് തുടരാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/



Generated from eOffice by ABY A T, K(1) LCO, K(1) LCO, OFFICE OF LABOUR COMMISSIONER on 19/08/2022 03:37 PM

(എ) <u>ഹാർവെസ്റ്റിംഗ്</u> - ഒരു കട്ടറും ഒരു കാരിയറും ഉൾപ്പെടുന്ന ഹാർവെസ്റ്റിംഗ് ടീമിന് ഒരു ശമ്പളത്തിന് ഹാർവെസ്റ്റ് ചെയ്യേണ്ട പനക്കുലകളുടെ അളവ് സീസണിൽ 1000 കിലോഗ്രാമും അല്ലാത്ത സമയങ്ങളിൽ 500 കിലോഗ്രാമും ആയിരിക്കുന്നതാണ്.

(ബി) <u>പ്രൂണിംഗ്</u> - ഒരു ശമ്പളത്തിന് പ്രൂൺ ചെയ്യേണ്ട പനകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 5 മുതൽ 9 വർഷം വരെ പ്രായമായ പനകൾ | - 55 എണ്ണം |
| 10 മുതൽ 15 വർഷം വരെ പ്രായമായ പനകൾ | - 50 എണ്ണം |
| 16 മുതൽ 20 വർഷം വരെ പ്രായമായ പനകൾ | - 35 എണ്ണം |
| 21 മുതൽ 25 വർഷം വരെ പ്രായമായ പനകൾ | - 30 എണ്ണം |
| 26 മുതൽ 30 വർഷം വരെ പ്രായമായ പനകൾ | - 15 എണ്ണം |
| 30 വർഷത്തിന് മുകളിൽ പ്രായമായ പനകൾ | - 10 എണ്ണം |

**IV. പൊതു വ്യവസ്ഥകൾ**

1. ഈ വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വേതനത്തേക്കാൾ ഉയർന്ന വേതനം ഏതെങ്കിലും സ്ഥാപനത്തിലെ അല്ലെങ്കിൽ വ്യവസായത്തിലെ തൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന പക്ഷം അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

2. ഒരു സ്ഥാപനത്തിലെ ഏതെങ്കിലും തസ്തിക അല്ലെങ്കിൽ വിഭാഗം മേൽപ്പറഞ്ഞ പട്ടികയിൽ പ്രതിപാദിച്ചിട്ടില്ലെങ്കിൽ, അത്തരം ജീവനക്കാർക്ക് സമാന തസ്തിക/വിഭാഗത്തിലുള്ള ജീവനക്കാർക്ക് നിശ്ചയിച്ച നിരക്കിലുള്ള വേതനം നൽകേണ്ടതാണ്.

3. പട്ടികയിൽ ദിവസശമ്പളം നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും തൊഴിലാളി വിഭാഗത്തിന് മാസശമ്പളം കണക്കാക്കേണ്ടിവരികയാണെങ്കിൽ ബന്ധപ്പെട്ട തൊഴിലാളി വിഭാഗത്തിന്റെ ദിവസശമ്പളത്തെ 26 കൊണ്ട് ഗുണിച്ച് കിട്ടുന്ന തുക ആയിരിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**മിനി ആന്റണി**

*ഗവൺമെന്റ് സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022



This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.07.26 04:39:19 +05:30

Generated from eOffice by ABY A T, K(1) LCO, K(1)LCO, OFFICE OF LABOUR COMMISSIONER on 19/08/2022 03:37 PM